## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 623 28.02. 2017 ൽ മറുപടിക്ക്

### കെ എസ് ഇ ബി കരാർ ജീവനക്കാരുടെ വേതനം

ചോദ്യം

ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ.

ഉത്തരം

ശ്രീ. എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)ദിവസവേതനത്തിന് കരാർ അടിസ്ഥാനത്തിൽ കെ എസ് ഇ ബി യിൽ ജോലിചെയ്തു വരുന്ന മീറ്റർ റീഡർ, ഓപ്പറേറ്റർമാർ, ഷിഫ്റ്റ് അസിസ്റ്റന്റ് എന്നിവർക്ക് ലഭിക്കുന്ന വേതനം നിലവിലുള്ളതിന്റെ പകുതി മാത്രമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ)കെ.എസ്.ഇ.ബി.എൽ-ൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാറില്ല. എന്നാൽ ചില ജോലികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇപ്രകാരം ജോലി ചെയ്യുന്നവരുടെ വേതനം കോൺട്രാക്ട് എടുക്കുന്ന ആൾ ആണ് നൽകുന്നത്. |
| (ബി) ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ വേതനംസ്ഥിര ജീവനക്കാരുടെ വേതനത്തിനു തുല്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി)ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി കെ.എസ്.ഇ.ബി.യിലെ കരാർ ജോലി വേതനവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ അത് സംബന്ധിച്ച നടപടികളൊന്നും തന്നെ നിലവിൽ കൈക്കൊണ്ടിട്ടില്ല. |
| (സി) പ്രസ്തുത ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ ? | (സി)കരാർ അടങ്കൽ തുക 3 ലക്ഷം രൂപയിലധികം വരുന്ന പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കരാറുകാരൻ മുഖാന്തിരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ